പതിമൂന്നാം കേരളനിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 5650

05.07.2013 ലെ മറുപടിക്ക്

## എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക് ശമ്പളം മാറാൻ അധികാരം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ പ്രധാനാധ്യാപകർക്ക് ശമ്പളം മാറാൻ അധികാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) എയിഡഡ് സ്കൂൾ പ്രധാനാദ്ധ്യാപകർക്ക് ശമ്പള ബില്ല് മാറാൻ അധികാരം നൽകി കൊണ്ട് GO (P) 30/13/Fin തീയതി 16.01.13 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ശമ്പളം മാറുന്നതിനുള്ള പരിശീലന പരിപാടി സംഘടിപ്പിക്കുകയും ഉപജില്ലാവിദ്യാഭ്യാസ ആഫീസിലെ സീനിയർ സൂപ്രണ്ടുമാർക്കും ജില്ലാ വിദ്യാഭ്യാസ ആഫീസിലെ പേഴ്സണൽ അസിസ്റ്റന്റ് മാർക്കും ഡിജിറ്റൽ സിഗ്നേച്ചർ അറ്റസ്റ്റ് ചെയ്യുന്നതിനുള്ള പരിശീലനവും നൽകി വരുന്നു. പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം സൗത്ത് ഉപജില്ലാവിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്ന രണ്ട് സ്കൂളുകളുടെ ബില്ലുകൾ ജൂൺ മാസത്തിൽ ഈ സംവിധാനം ഉപയോഗിച്ച് പാസ്സാക്കി നൽകിയിട്ടുണ്ട്. എന്നാൽ സംസ്ഥാനമൊട്ടാകെ ഈ സംവിധാനം നിലവിൽ വരുന്നതിന് ഇനിയും ഒരു മാസമെങ്കിലും കാലതാമസമുണ്ടാകുന്നതാണ്. |

(ബി) ഏതെല്ലാം ജീവ ന ക്കാ രുടെ ശമ്പളം മാറാനാണ് അധി കാരം നൽകിയിട്ടുളളത്; വിശ ദാംശങ്ങൾ എന്തെല്ലാം;

(ബി) എയിഡഡ് സ്കൂളിലെ എല്ലാ അംഗീകൃത ജീവനക്കാർക്കും ടി സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളം നൽകാവുന്നതാണ്.

(സി.) ഇതു കൊണ്ടുണ്ടായ സൗകര്യ ങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി.) ഇതുകൊണ്ട് വിദ്യാഭ്യാസ ആഫീസുകളിലേയും സ്കൂളുകളിലെയും ജോലിഭാരം കുറയുകയും സമയലാഭം ഉറപ്പിക്കുകയും ചെയ്യുന്നതിനു പുറമെ സംസ്ഥാനത്തെ എയിഡഡ് മേഖലയിലെ ജീവനക്കാരുടെ എണ്ണവും ശമ്പള ഇനത്തിൽ ചെലവാകുന്ന തുക എന്നിവ കൃത്യതയോടെ മനസ്സിലാക്കുന്നതിനും സഹായിക്കുന്നതാണ്.

(ഡി) ഇത് സംബന്ധിച്ച് ഭരണത ല ത്തിൽ എന്തെല്ലാം നടപടി കൾ എടുത്തിട്ടുണ്ട് വിശദാംശ ങ്ങൾ എന്തെല്ലാം?

(ഡി) ടി സിസ്റ്റം നടപ്പിലാക്കുന്നതിന് മുന്നോടിയായി ഉപ ജില്ലാ വിദ്യാഭ്യാസ ആഫീസിലെ സീനിയർ സൂപ്രണ്ടുമാർക്കും, ജില്ലാവിദ്യാഭ്യാസ ആഫീസിലെ പേഴ്സണൽ അസിസ്റ്റന്റ് മാർക്കും ഡിജിറ്റൽ സിഗ്നേച്ചർ നൽകുകയും ഇവർക്ക് എൻ.ഐ.സി. യു ടെയും സ്പാർക്കിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ